കുഴൽമന്ദം മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന എയ്ഡഡ്/ അൺഎയ്ഡഡ് സ്കൂളുകളും കോഴ്സുകളും

129 (2070) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയ്ഡഡ്/ അൺ എയ്ഡഡ് മേഖലകളിൽ പ്ലസ് ടൂ സ്കൂളുകളും കോഴ്സുകളും പുതിയ ബാച്ചുകളും ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ഗവൺമെന്റിന് ലഭിച്ചിരിക്കുന്നത് :

(ബി) അതിൽ ഏതെല്ലാം സ്കൂളുകൾക്കാണ് പുതുതായി കോഴ്സുകളും ബാച്ചുകളും അനുവദിച്ചത് ; പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ് ;

(സി) ഏതെല്ലാം ഗവൺമെന്റ് ഹൈസ്കൂളുകൾക്കാണ് പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിച്ചത് ; എങ്കിൽ എവിടെയെല്ലാം ;

(ഡി) കുഴൽമന്ദം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിൽ പുതിയ പ്ലസ് ടൂ കോഴ്സുകളും ബാച്ചുകളും അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ഇ) കുഴൽമന്ദം മണ്ഡലത്തിലെ ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലെ ഹൈസ്കൂളുകളിൽ ഏതെല്ലാം സ്കൂൾ അധികൃതരിൽ നിന്നും പി.ടി.എ. കമ്മിറ്റികളിൽ നിന്നുമാണ് പുതിയ പ്ലസ് ടൂ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചത് ;

(എഫ്) കുഴൽമന്ദം മണ്ഡലത്തിലെ എരിമയൂർ കുനിശ്ശേരി, തേങ്കുറിശ്ശി, തോലത്തൂർ, കുത്തന്നൂർ എന്നീ ഗവൺമെന്റ് ഹൈസ്കൂളുകളിലും സി.എ.ജി. എച്ച്.എസ്. (എയ്ഡഡ്) കുഴൽമന്ദം എന്നിവിടെയും, എന്നത്തേയ്ക്ക് പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2002-2003 അദ്ധ്യയന വർഷത്തിൽ 505 അപേക്ഷകളും 2003-2004 അദ്ധ്യയന വർഷത്തിൽ 70 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) 2002-03 അദ്ധ്യയന വർഷത്തിൽ 324 സ്കൂളുകളിൽ അൺ എയ്ഡഡ് പ്ലസ് ടൂ കോഴ്സ് അനുവദിച്ചിട്ടുണ്ട്. 2003-2004 അദ്ധ്യയന വർഷത്തിൽ ലഭിച്ച അപേക്ഷകൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യങ്ങളും സ്കൂളുകളിലെ സൗകര്യങ്ങളും മറ്റും പരിശോധിച്ചു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഇൻസ്പെക്ഷൻ കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ സ്കൂളുകൾ അനുവദിക്കുന്നത്.

(സി) ഗവൺമെന്റ് സ്കൂളുകൾക്ക് പുതിയ കോഴ്സുകളോ ബാച്ചുകളോ ഈ സർക്കാർ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ടില്ല. നിയോജക മണ്ഡലം അടിസ്ഥാനത്തിലല്ല പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത്. ആയതിനാൽ അൺ എയ്ഡഡ് മേഖലയിൽ പ്ലസ് ടു സ്കൂളുകൾ അനുവദിച്ച കണക്കുകൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമല്ല.

(ഇ) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തതിനാൽ ആ അടിസ്ഥാനത്തിലുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

(എഫ്) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

130 (2071) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കുകയും ഡി.പി.ഐ. ഓഫീസിൽ നിന്നും നിർദ്ദേശിച്ച പ്രകാരം പ്ലാനും എസ്റ്റിമേറ്റും 3-6-2002-ൽ ഡി.പി.ഐ. ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഡി.പി.ഐ. ഓഫീസിലെ ഡബ്ലിയു. 1/60547/8-7-2001 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്ലാനും എസ്റ്റിമേറ്റും 8-7-2002-ന് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റിൽ ഈ ആവശ്യത്തിന് വേണ്ടത്ര തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാലാണ് ഭരണാനുമതി നൽകാൻ നിർവ്വാഹമില്ലാത്തത്.

മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് മാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ

131 (2072) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് "സി.പി. നാരായണൻ സ്മാരക ഹയർ സെക്കന്ററി സ്കൂൾ" എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly